**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 776** **10-06-2021 - ൽ മറുപടിയ്ക്ക്**

**പുന്നാവൂർ പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട നിയോജക മണ്ഡലത്തിൽ പോങ്ങുംമൂട് പുന്നാവൂർ പാലം നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | പോങ്ങുംമൂട്-പുന്നാവൂർ പാലം നിർമ്മാണത്തിനായി 29/12/2020 ന് ആദ്യ ടെണ്ടർ നടത്തി എങ്കിലും കരാറുകാർ പ്രതികരിക്കാതിരുന്നതിനെ തുടർന്ന് 22/01/2021 ന് വീണ്ടും ടെണ്ടർ ചെയ്തു. ഒറ്റയാൾ മാത്രം പങ്കെടുത്ത ബിഡിൽ ക്വാട്ടഡ് തുക നിയമപ്രകാരം അനുവദിക്കുന്നതിനേക്കാൾ ഉയർന്ന നിരക്കിലായിരുന്നതിനാൽ പരമാവധി അനുവദിക്കാവുന്ന തുകയായ DSoR+10% ന് നിജപ്പെടുത്തി 03/06/2021 ന് ടെണ്ടർ അനുമതി നൽകി. കരാറുകാരൻ ഈ തുക അംഗീകരിക്കുന്ന പക്ഷം ഉടൻ എഗ്രിമെന്റ് വച്ച് പണി ആരംഭിക്കാനാവും. |
| (ബി) | പാലം നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (ബി) | പാലം നിർമ്മാണം എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ